പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2450 **27-10-2026-ൽ മറുപടിയ്ക്ക്**

മദ്യനയത്തിൽ വരുത്തിയ മാറ്റങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) നിലവിലെ മദ്യനയത്തിൽ മുൻ സർക്കാരിന്റെ കാലയളവിലെ മദ്യനയത്തെ അപേക്ഷിച്ച് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ മദ്യനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക സംഘടനകൾ, മദ്യവിരുദ്ധ സംഘടനകൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾ, തൊഴിലാളി സംഘടനകൾ, വിദേശ മദ്യവ്യവസായ മേഖലയിലെ വിവിധ സംഘടനകൾ, മറ്റ് ബന്ധപ്പെട്ട സംഘടനകൾ എന്നിവരുമായി യോഗങ്ങൾ ചേരുകയും അവരിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ടൂറിസം, പൊതുജനാരോഗ്യം, തൊഴിലാളി ക്ഷേമം, സാമൂഹികക്ഷേമം തുടങ്ങിയവയ്ക്ക് മുൻഗണന നൽകി പുതിയ മദ്യനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ (2021-2026) എത്ര മയക്കുമരുന്ന കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എണ്ണം തിരിച്ച് ലഭ്യമാക്കാമോ ; മയക്കുമരുന്നുകളുടെ ഇനവും വിശദമാക്കാമോ;

മറുപടി: കഴിഞ്ഞ അഞ്ചുവർഷത്തിനിടെ (2021-2026) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ കണക്കും മയക്കു മരുന്നുകളുടെ ഇനവും അനുബന്ധമായി ചേർക്കുന്നു.

(സി) ലഹരി മരുന്ന് വിതരണത്തിന്റെ ഉറവിടങ്ങളെയും പ്രധാന വിതരണ ശൃംഖലകളെയും കണ്ടെത്താൻ എക്സൈസ് വകുപ്പ് എത്ര അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്; കണ്ടെത്തിയവ എത്രയാണ്; വിശദമാക്കാമോ?

മറുപടി: 2016-2026 കാലയളവിൽ സ്മാൾ, മീഡിയം, കൊമേഴ്സ്യൽ വിഭാഗത്തിൽപ്പെട്ട 43,579 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 9150 കേസുകളിൽ ലഹരി മരുന്ന് വിതരണത്തിന്റെ ഉറവിടവും പ്രധാന വിതരണ ശൃംഖലകളും കണ്ടെത്തുന്നതിനുള്ള അന്വേഷണങ്ങൾ നടത്തുകയും 15 കേസുകളിൽ പ്രധാന പ്രതികളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

എൻ.ഡി.പി.എസ്. കേസുകൾ

2021		2022		2023		2024		2025		2026 up to May 17	
NDPS		NDPS		NDPS		NDPS		NDPS		NDPS	
രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ	രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ	രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ	രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ	രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ	രജിസ്റ്റർ ചെയ്ത കേസ്	പ്രതികൾ
3922	4132	6116	6232	8104	8260	8160	8158	12568	12685	4709	4628

Contraband Seized (NDPS)						
Year	2021	2022	2023	2024	2025	01.01.2026 to 17.05.2026 Unit
Ganja	5632.6 Kg	3602.312 Kg	3027.168 Kg	3953.238 Kg	2692.388 Kg	1238.347 kg
Ganja Plants	760 Nos	1902 Nos	3514 Nos	2549 Nos	5582 Nos	3665 Nos
Hashish	16062 gm	37455.468 gm	6793.308 gm	7728.642 gm	12916.326 gm	404.014 gm
Heroin	18.187 gm	447.786 gm	677.192 gm	952.591 gm	1327.533 gm	458.599 gm
Brown Sugar	103.78 gm	129.328 gm	327.279 gm	2397.966 gm	512.905 gm	27.61 gm
MDMA	6130.5 gm	7775.425 gm	7893.622 gm	3437.918 gm	3644.979 gm	5522.453 gm
LSD	3.657 gm	42.783 gm	3.415 gm	0.502 gm	5.497 gm	0.082 gm
Cocaine	0	40.959	11.298	2.68	1.456	0

		gm	gm	gm	gm	
Charas	172.55 gm	375.119 gm	2323.67 gm	600.075 gm	243.93 gm	15553.023 gm
Opium	0.87 gm	76 gm	17 gm	0	0	20 gm
Nitrazepam	1684 (Tab)	809.5 gm	438.354 gm	368.891 gm	667.43 gm	228.675 gm
Amphetamine	193.269 gm	7.535 gm	1.316 gm	1.633 gm	0.926 gm	0
Methaphitamine	88.806 gm	2432.483 gm	1417.777 gm	5834.484 gm	6584.001 gm	1722.018 gm

Tobacco Products

Year	**2021**	**2022**	**2023**	**2024**	**2025**	01.01.2026 -17.05.2026
Quantity of Tobacco Products	32719.48 Kg	38424.531 Kg	28080.753 Kg	25689.162 Kg	32582.307 Kg	9922.832 Kg
COTPA Fine	Rs 14894400	Rs 17060050	Rs 16876496	Rs 14655301	Rs 18622212	Rs 7213773

സെക്ഷൻ ഓഫിസർ